# മഹാത്മാഗാന്ധിസർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298


2021 ജൂലൈ 12

# വാർത്താക്കുറിപ്പ്

## പരീക്ഷഫലം

2020 നവംബറിൽ നടന്ന അഞ്ചാം സെമസ്റ്റർ എം.സി.എ. റഗുലർ ആന്റ് ലാറ്ററൽ എൻട്രി (റഗുലർ/സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജൂലൈ 26 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ/39/626/2021)

2020 മാർച്ചിൽ നടന്ന ഒന്നാം സെമസ്റ്റർ എം.എ. ഗ്രാഫിക് ഡിസൈൻ, മൾട്ടിമീഡിയ (സി.എസ്.എസ്. - സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജൂലൈ 26 വരെ ഓൺലൈനായി അപേക്ഷിക്കാം.

(പി.ആർ.ഒ/39/627/2021)

## റീഫ്രഷർ കോഴ്സ്

മഹാത്മാഗാന്ധി സർവ്വകലാശാലയും പെരുമ്പാവൂർ മാർത്തോമ കോളേജ് ഊർജതന്ത്ര വിഭാഗവും ചേർന്ന് യു ജി സി സ്ട്രൈഡ് പദ്ധതിക്ക് കീഴിൽ സംഘടിപ്പിക്കുന്ന അധ്യാപക പരിശീലന പരിപാടി - 'റീസൻ്റ് അഡ്വാൻസസ് ഇൻ ഫിസിക്സ്' - ഡോ. വി ശിവദാസൻ എം.പി. ഉദ്ഘാടനം ചെയ്തു. ഓൺലൈനായി സംഘടിപ്പിച്ച ചടങ്ങിൽ വൈസ് ചാൻസലർ പ്രഫ. സാബു തോമസ് അധ്യക്ഷത വഹിച്ചു. ജൂലൈ 24 വരെയാണ് പരിശീലനം.

പ്രോജക്ട് കോ - ഓർഡിനേറ്റർ ഡോ. അഭിലാഷ് ബാബു ,പരിപാടിയിടെ കോ-ഓർഡിനേറ്റർ ഡോ. അനുപമ പി,മാർത്തോമ കോളേജ് പ്രിൻസിപ്പൽ ഡോ. സുജോ മേരി വർഗ്ഗീസ്, ഡോ. ബിജു ലക്ഷ്മണൻ ഡോ. പൗലോസ് തോമസ് എന്നിവർ സംസാരിച്ചു. കോളേജ് അധ്യാപകർക്കായി ഇത്തരത്തിൽ ഒരു പരിശീലന പരിപാടി സംഘടിപ്പിച്ചതിന് സംഘാടകരെ ഡോ. വി. ശിവദാസൻ എം.പി. അനുമോദിച്ചു . ഉദ് ഘാടന ചടങ്ങിന് ശേഷം വൈസ് ചാൻസലർ പ്രഫ. സാബു തോമസ് പോളിമർ സയൻസിൽ നടന്നു വരുന്ന ഗവേഷണ പ്രവർത്തനങ്ങളെക്കുറിച്ച് ക്ലാസ് എടുത്തു. വിവിധ കോളേജുകളിൽ നിന്നുള്ള അധ്യാപകർ രണ്ട് ആഴ്ച നീണ്ടുനിൽക്കുന്ന പരിശീലനത്തിൽ പങ്കെടുക്കുന്നുണ്ട്.

(പി.ആർ.ഒ/39/628/2021)

**പി.സി. സുരേഷ് കുമാർ**

പബ്ലിക്റിലേഷൻസ് ഓഫീസർ